**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4748** **20-07-2022 - ൽ മറുപടിയ്ക്ക്**

**ഷൊർണ്ണൂർ മണ്ഡലത്തിൽ അംഗീകരിച്ചിട്ടുള്ള പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുമരാമത്ത് ബിൽഡിംഗ്സ് വിഭാഗത്തിന് കീഴിൽ എത്ര കെട്ടിടങ്ങളും എത്ര കിലോമീറ്റർ അനുബന്ധ റോഡുകളും ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് 25 കെട്ടിടങ്ങളാണ് നിലവിലുള്ളത്. ഇവയിൽ ഷൊർണ്ണൂർ ഐ.പി.ടി ആന്റ് ജി.പി.ടി കോളേജ്, മേഖല സ്റ്റേഷനറി എന്നിവയിൽ ഉൾപ്പെടെ 1.1 കിലോമീറ്ററോളം ഇന്റേണൽ റോഡുകളാണുള്ളത്. |
| (ബി) | പ്രസ്തുത വിഭാഗത്തിന് കീഴിൽ നിലവിൽ അംഗീകരിച്ചിട്ടുള്ള പ്രവൃത്തികൾ, നടന്നു വരുന്ന പ്രവൃത്തികൾ എന്നിവ ഏതൊക്കെയാണെന്നും നിലവിലെ സ്ഥിതിയും വിശദമാക്കാമോ? | (ബി) | <u>നിലവിൽ അംഗീകരിച്ച പ്രവൃത്തികളും നിലവിലെ സ്ഥിതിയും:-</u><br><br>1. ഐ.പി.ടി ആന്റ് ജി.പി.ടി കോളേജിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് - നിലവിൽ ടെന്റേറ്റീവ് ഡിസൈൻ ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.<br><br>2. ഐ.പി.ടി ആന്റ് ജി.പി.ടി കമ്പ്യൂട്ടർ ബ്ലോക്ക് - നിലവിൽ സാങ്കേതികാനുമതി എസ്റ്റിമേറ്റ് പരിശോധനയിലാണ്.<br><br>3. എൻ.സി.സി 28 ബറ്റാലിയൻ കെട്ടിട നിർമ്മാണം - സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.<br><br><u>നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തിയും നിലവിലെ സ്ഥിതിയും:-</u><br><br>1. ഐ.പി.ടി ആന്റ് ജി.പി.ടി കോളേജിൽ ബോയ്സ് ഹോസ്റ്റലിന്റെ മെയിന്റനൻസ് പ്രവൃത്തി - പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.<br><br>2. ചെർപ്പുളശ്ശേരി ജില്ലാ ട്രഷറി കെട്ടിട നിർമ്മാണം - കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ